# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3703 20/10/2016 - ൽ മറുപടിക്ക്**

### ഹയർ സെക്കൻഡറി സ്കൂളുകളിലെ തസ്തികകൾ

| **ചോദ്യം**<br>**ശ്രീ. റ്റി. വി. രാജേഷ്** | **മറുപടി**<br>**പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|
| ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ലർക്ക്, ലൈബ്രേറിയൻ, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽചെയ്ത WP(C) No.29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5.9.2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ളാർക്ക്, പാർട്ട്/ഫുൾ ടൈംമീനിയൽ, ലൈബ്രറേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.8.2015 തീയതിയിലെ ജി.ഒ (എം.എസ്) നം.220/2015/ പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ മേൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**